# Harrisons Malayalam Limited

**24/1624, Bristow Road, Willingdon Island, Cochin 682003**
**CIN: L01119KL1978PLC002947**
**e-mail:hmlcorp@harrisonsmalayalam.com Website:www.harrisonsmalayalam.com**
**Tel: 0484-6624362 Fax: 0484-2668024**


31st August, 2026

| | |
|---|---|
| The Secretary<br>BSE Limited<br>Corporate Relationship Dept.<br>1st Floor, New Trading Ring<br>Rotunda Building, PJ Towers<br>Dalal Street, Fort<br>Mumbai - 400 001<br>Symbol: 500467 | The Secretary<br>National Stock Exchange of India Limited<br>“Exchange Plaza”, Bandra-Kurla Complex<br>Bandra (E)<br>Mumbai – 400 051<br>Symbol: HARRMALAYA |

Dear Sir/Madam

**Sub: Disclosure under Regulation 30 and Regulation 47 of the SEBI (LODR) Regulations, 2015 - Newspaper Publication**

Pursuant to Regulation 30 and 47 of SEBI (LODR) Regulations, 2015 we enclose herewith copies of newspaper advertisement published in today’s Financial Express (English) and Deshabhimani (Malayalam), in compliance with the relevant circulars issued by the Ministry of Corporate Affairs and Securities and Exchange Board of India from time to time intimating inter-alia that the **Forty Ninth Annual General Meeting of the Company will be held on Tuesday, September 29, 2026 at 03:00 p.m. (IST)** through Video Conferencing (VC)/Other Audio Visual Means (OAVM).

Kindly take the above information on record.

Yours faithfully,
For **HARRISONS MALAYALAM LIMITED**

SANDHYA GOPI

Digitally signed by SANDHYA GOPI
Date: 2026.08.31 16:41:51 +05'30'

**SANDHYA GOPI**
Company Secretary & Compliance Officer
Membership No.A62510

## നിറം മങ്ങി ഘോഷയാത്ര; ഓണം വാരാഘോഷം സമാപിച്ചു

**തിരുവനന്തപുരം**

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷം സമാപിച്ചു. വന്ദേമാതരം മുഴുവനും പാടി ബിജെപി അജൻഡയ്ക്ക് കീഴടങ്ങിയായിരുന്നു വിവാദങ്ങൾ നിറഞ്ഞ ആഘോഷ പരിപാടികളുടെ സമാപനം.

ദീപാലങ്കാരങ്ങളുടെയും ഘോഷയാത്രയിലെ ഫ്ളോട്ടുകളുടെയും നിലവാരമില്ലായ്മ ജനങ്ങളെ നിരാശരാക്കി. സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും 69 ഫ്ളോട്ടുകളും 99 കലാരൂപങ്ങളുമാണ് ഘോഷയാത്രയിൽ അണിനിരന്നത്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള കലാപ്രകടനങ്ങളുമുണ്ടായിരുന്നു. ഹരിതചട്ടം പാലിച്ചെന്ന് അവകാശപ്പെടുന്നെങ്കിലും ബാനറുകളും ഫ്ളക്സുകളുമുൾപ്പെടെ വ്യാപകമായി ഉപയോഗിച്ചു.

ഞായർ വൈകിട്ട് അഞ്ചിന് ലോക്ഭവന് സമീപത്ത് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനാണ് ഘോഷയാത്ര ഉദ്ഘാടനം ചെയ്തത്. മുഖ്യമന്ത്രി വി ഡി സതീശൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. നടൻ ആസിഫ് അലി ഘോഷയാത്ര കാണാനെത്തി.

## ആർ കൃഷ്ണകുമാർ സ്മാരക പുരസ്കാരം പി രാജീവിന്

**കൊല്ലം**



ശാസ്താംകോട്ട പള്ളിശ്ശേരിക്കൽ ഇ എം എസ് ഗ്രന്ഥശാല ആൻഡ് വായനശാല ഏർപ്പെടുത്തിയ രണ്ടാമത് ആർ കൃഷ്ണകുമാർ സ്മാരക പുരസ്കാരത്തിന് മുൻ വ്യവസായ, നിയമ മന്ത്രിയും സിപിഐ എം കേന്ദ്രകമ്മിറ്റി അംഗവുമായ പി രാജീവിനെ തെരഞ്ഞെടുത്തു. 15,000 രൂപയും ശിൽപ്പവുമാണ് പുരസ്കാരം. മികച്ച പൊതുപ്രവർത്തകർക്കായി ഗ്രന്ഥശാല ഏർപ്പെടുത്തിയതാണിത്. സെപ്തംബർ ആറിന് പകൽ മൂന്നിന് ഗ്രന്ഥശാലാങ്കണത്തിൽ നടക്കുന്ന ആർ കൃഷ്ണകുമാർ അനുസ്മരണ സമ്മേളനത്തിൽ അവാർഡ് സമ്മാനിക്കും.

പ്രഥമ കൃഷ്ണകുമാർ സ്മാരക അവാർഡ് ജേതാവും സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ പി കെ ഗോപൻ ചെയർമാനായ അവാർഡ് കമ്മിറ്റിയാണ് പി രാജീവിനെ തെരഞ്ഞെടുത്തത്.

ഇ എം എസ് ഗ്രന്ഥശാലയുടെ ആദ്യ പ്രസിഡന്റായിരുന്ന ആർ കൃഷ്ണകുമാർ സിപിഐ എം കുന്നത്തൂർ ഏരിയ കമ്മിറ്റി അംഗവും ശാസ്താംകോട്ട പഞ്ചായത്ത് വികസന സ്ഥിരം സമിതി ചെയർമാനും ആയിരുന്നു.

## പഞ്ചാബിൽ എഎപി നേതാവിനെ വെടിവച്ചുകൊന്നു

**ചണ്ഡിഗഡ്**

പഞ്ചാബിലെ ഫിറോസ്പുരിൽ ആം ആദ്മി പാർടി നേതാവിനെ നാലംഗസംഘം വെടിവച്ചുകൊന്നു. ഗുർപ്രീത് സിങ് ഗോപി (45)യാണ് കൊല്ലപ്പെട്ടത്. ശനി വൈകിട്ട് മംദോട്ട് ബസാറിലൂടെ ബൈക്കിൽ സഞ്ചരിക്കവേ കാറിൽ പിന്തുടർന്നെത്തിയ അക്രമികൾ വെടിവയ്ക്കുകയായിരുന്നു. അടുത്തിടെ നടന്ന തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കമാണ് ആക്രമത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു.

ഗോപിക്കൊപ്പം ബൈക്കിലുണ്ടായ ഹർപ്രീതിനും (ഹാപ്പി, 22) വെടിയേറ്റു. ഇയാൾ ചികിത്സയിലാണ്. ഇവരുടെ വാഹനത്തിന് പുറകിലായി, എഎപിയുടെ പുതിയ മംദോട്ട് നഗർ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ മറ്റൊരു കാറിൽ വരുന്നുണ്ടായിരുന്നു. അവർക്കുനേരെയും സംഘം വെടിയുതിർത്തതായി റിപ്പോർട്ടുകളുണ്ട്. കാറിൽ കടന്നുകളഞ്ഞ അക്രമികളെ തിരിച്ചറിഞ്ഞതായി പൊലീസ് പറഞ്ഞു.

## സിപിഐ ഡൽഹി ചലോ റാലി നാളെ

**ന്യൂഡൽഹി**

'മാറ്റം അനിവാര്യമാണ്' എന്ന മുദ്രാവാക്യമുയർത്തി സിപിഐയുടെ ഡൽഹി ചലോ റാലി ചൊവ്വാഴ്ച. ഡൽഹി രാംലീല മൈതാനിയിൽ നടക്കുന്ന റാലിയിൽ പതിനായിരങ്ങൾ അണിനിരക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റാലിയിൽ പങ്കെടുക്കുന്നതിനായി പ്രവർത്തകർ ഡൽഹിയിലെത്തിത്തുടങ്ങി. ചൊവ്വ പകൽ 11ന് ആരംഭിക്കുന്ന റാലി മൂന്നിന് സമാപിക്കും. ജനറൽ സെക്രട്ടറി ഡി രാജ ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

## നേപ്പാൾ മിന്നൽ പ്രളയം

# ആറുമണിക്കൂർ വഴിയിൽ, കാട്ടിലൂടെ സാഹസികയാത്ര

**സ്വന്തം ലേഖകൻ**

**കൊച്ചി**



കോട്ടയം സ്വദേശികളായ 16 അംഗ സംഘം നേപ്പാളിലെ ഗുപ്തേശ്വർ മഹാദേവ ഗുഹയ്ക്കുസമീപം

'ആറുമണിക്കൂറോളം ഗതാഗതക്കുരുക്കിൽ കിടന്നു. തുടർന്ന് കാട്ടിലൂടെ സാഹസിക യാത്ര'. മിന്നൽപ്രളയം നാശംവിതച്ച നേപ്പാളിലെ യാത്രാനുഭവം വിവരിക്കുമ്പോൾ കോട്ടയം ആർപ്പൂക്കര സ്വദേശിനിയും എൻജിനീയറുമായ രഞ്ജിത വിനയകുമാറിന്റെ വാക്കുകളിൽ നടുക്കം വിട്ടുമാറിയിട്ടില്ല. ലൈസൻസ്ഡ് എൻജിനീയേഴ്സ് ആൻഡ് സൂപ്പർവൈസേഴ്സ് ഫെഡറേഷനിലെ (ലെൻസ്ഫെഡ്) കോട്ടയം സ്വദേശികളായ ആറ് എൻജിനീയർമാരും കുടുംബാംഗങ്ങളുമടക്കം 16 പേരാണ് 23ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് നേപ്പാളിലേക്ക് യാത്രതിരിച്ചത്. ലെൻസ്ഫെഡ് കോട്ടയം ജില്ലാ ട്രഷറർകൂടിയായ ഭർത്താവ് വിനയകുമാറിനൊപ്പമായിരുന്നു രഞ്ജിതയുടെ യാത്ര. 16 പേരും സുരക്ഷിതരായി ഞായർ പുലർച്ചെ 2.20ന് മുംബൈയിൽനിന്നുള്ള ഇൻഡിഗോ വിമാനത്തിൽ കൊച്ചി വിമാനത്താവളത്തിലെത്തി.

"തിരുവോണദിവസം രാവിലെ 10നാണ് സംഘം കാഠ്മണ്ഡുവിൽനിന്ന് പോഖ്രയിലേക്ക് യാത്ര തിരിച്ചത്. ഗലാച്ചി ബസാറിലെത്തിയപ്പോൾ ഗതാഗതക്കുരുക്ക് തുടങ്ങി. വാഹനാപകടമാണെന്ന് ആദ്യം കരുതി. ഉയർന്ന മലഞ്ചെരുവിൽ നിർത്തിയ രണ്ട് ടെമ്പോട്രാവലറുകളിൽനിന്ന് എല്ലാവരും പുറത്തിറങ്ങി. താഴേക്ക് നോക്കിയപ്പോൾ മണ്ണും ചെളിയും ഒലിച്ചുവരുന്ന ഭീകരദൃശ്യം. തുടർന്ന് മകാട്ടിനുള്ളിലെ ഇടുങ്ങിയ വഴിയിലൂടെ പോഖ്രയ്ക്ക് പോകാൻ തീരുമാനിച്ചു. 45ഓളം ഹെയർപിന്നുകൾ താണ്ടിയുള്ള യാത്ര. ഒരു വാഹനം എതിരെവന്നാൽ സൈഡ് കൊടുക്കാൻ നന്നേ ബുദ്ധിമുട്ട്.

കാടായതിനാൽ പുറത്തിറങ്ങാൻ ഭയന്നു. പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമുണ്ടായില്ല. വ്യാഴം പുലർച്ചെ 12.30ന് ഒരു ഹോട്ടലിലെത്തി ഭക്ഷണം പറഞ്ഞ് ഉണ്ടാക്കിക്കഴിച്ചു. അവിടെനിന്ന് പുറപ്പെട്ടപ്പോഴാണ് പോഖ്രയിലേക്കുള്ള റോഡിൽ മണ്ണിടിഞ്ഞതറിഞ്ഞത്. പുലർച്ചെ മൂന്നരയോടെ ചിത്ത്വാനിലെ ഹോട്ടലിൽ തങ്ങി. റോഡിൽനിന്ന് മണ്ണ് നീക്കിയതോടെ പോഖ്രയിലെത്തി. തുടർന്ന് ലുംബിനി സന്ദർശിച്ച ശേഷം മടങ്ങി" – രഞ്ജിത പറഞ്ഞു.

എൻജിനീയറും ലെൻസ്ഫെഡ് സംസ്ഥാന കമ്മിറ്റി അംഗവുമായ കോട്ടയം സ്വദേശി പ്രദീപ്കുമാറിന്റെ ഒന്നരയും ആറും വയസ്സുള്ള പേരക്കുട്ടികളും സംഘത്തിലുണ്ടായിരുന്നു.

ഇടപ്പള്ളി 'ട്രാവൽ ഹബ്ബ് 24' ട്രാവൽ ഏജൻസിയുടെ യാത്രാസംഘത്തിലുള്ളവരാണ് 16 പേരും. 38 പേരാണ് ആകെയുണ്ടായിരുന്നത്. 31 പേരും പുലർച്ചെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തി. അഞ്ചുപേർ ഗോരഖ്പൂരിൽനിന്ന് ബംഗളൂരുവിലേക്കും രണ്ടുപേർ ഗോരഖ്പൂരിൽനിന്ന് കേരളത്തിലേക്കും ട്രെയിനിൽ മടങ്ങി.



നേപ്പാളിലെ മിന്നൽ പ്രളയത്തിൽ കുടുങ്ങിയ മലയാളി സംഘം ഞായർ പുലർച്ചെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ തിരിച്ചെത്തിയപ്പോൾ

## 47 പേർ ഇന്ന് തിരിച്ചെത്തും

**കൊയിലാണ്ടി**

പ്രളയത്തിനിടെ നേപ്പാളിൽ കുടുങ്ങിയ 47 കോഴിക്കോട്ടുകാർ തിങ്കൾ പുലർച്ചെ നാട്ടിലെത്തും. ഉള്ളിയേരിയിൽനിന്ന് യാത്രതിരിച്ച സംഘത്തിൽ ചേമഞ്ചേരി, ഉള്ളിയേരി, ബാലുശേരി, എന്നിവിടങ്ങളിൽനിന്നുള്ളവരാണുള്ളത്. ഞായർ രാവിലെ എട്ടിന് നേപ്പാളിലെ ബൈരാവയിൽനിന്ന് ബസിൽ പുറപ്പെട്ട സംഘം പകൽ മൂന്നിന് ഗൊരഖ്പുരിലെത്തി. വൈകിട്ട് ആറിന് ഇൻഡിഗോ വിമാനത്തിൽ ബംഗളൂരുവിലേക്ക് യാത്രതിരിച്ചു. രാത്രി 8.35ന് ബംഗളൂരുവിലെത്തിയ സംഘം കോഴിക്കോട്ടേക്ക് ബസ് കയറി. തിങ്കൾ പുലർച്ചെയോടെ ഉള്ളിയേരിയിലെത്തും.

ചേമഞ്ചേരി പഞ്ചായത്ത് മുൻ പ്രസിഡന്റും മുൻ പ്രധാനാധ്യാപകനും പ്രഭാഷകനുമായ കെ ഭാസ്കരൻ, ചേലിയ കഥകളി വിദ്യാലയം ഭാരവാഹി എൻ വി സദാനന്ദൻ എന്നിവരുൾപ്പെടെ സംഘത്തിലുണ്ട്. വ്യാഴം രാവിലെ പോഖ്രയിൽനിന്ന് കാഠ്മണ്ഡുവിലെത്താനായിരുന്നു പദ്ധതി. 21നാണ് കോഴിക്കോട്ടുനിന്ന് യാത്ര തിരിച്ചത്.

'നാരായണി നദിയുടെ കരയിലുള്ള മുക്തിനാഥ് ക്ഷേത്രം സന്ദർശിച്ച് തിരിച്ചെത്തിയപ്പോഴാണ് പ്രളയവിവരം അറിയുന്നത്. കാഠ്മണ്ഡുവിൽ ഭക്ഷണം പാകംചെയ്യാനുൾപ്പെടെയുള്ള സൗകര്യം യാത്രയിൽ ഏർപ്പെടുത്തിയിരുന്നു. അതിനാൽ, വേറെ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. നാട്ടിൽ പെട്ടെന്ന് തിരിച്ചെത്താനാകുമോയെന്നത് മാത്രമായിരുന്നു ആശങ്ക'– സംഘത്തിലുള്ള ചേമഞ്ചേരി സ്വദേശി കെ ബിജയ് പറഞ്ഞു. ഓണാവധി ആഘോഷിക്കാനായി കോഴിക്കോട്ടെ ഏജൻസി മുഖേനയാണ് സംഘം നേപ്പാളിലെത്തിയത്.

# വന്ദേമാതരം പൂർണമായി പാടിയതിനുപിന്നിൽ സതീശൻ-ആർഎസ്എസ് ഡീൽ: എം വി ഗോവിന്ദൻ

**അങ്കമാലി**

ഓണാം വാരാഘോഷം സമാപനച്ചടങ്ങിൽ വന്ദേമാതരം പൂർണമായി പാടിയത് കേരളത്തിൽ ബിജെപിയുമായി കോൺഗ്രസ് ഉണ്ടാക്കിയ സഖ്യത്തിന്റെ ഭാഗമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു.

മുഖ്യമന്ത്രി വി ഡി സതീശൻ ആർഎസ്എസുമായി ഉണ്ടാക്കിയ ഡീലിന്റെ ഭാഗമായാണ് വന്ദേമാതരം പൂർണമായി പാടിയത്. കോൺഗ്രസ് ആസ്ഥാനത്തും വന്ദേമാതരം പൂർണമായി ആലപിച്ചിരുന്നു. വന്ദേമാതരത്തിന്റെ ആദ്യത്തെ രണ്ടുചരണംമാത്രം പാടാമെന്നാണ് ഗാന്ധിയും നെഹ്റുവും അടക്കം തീരുമാനിച്ചത്. കാലങ്ങളായി കോൺഗ്രസ് അത് പാലിച്ചിരുന്നു.

മുഖ്യമന്ത്രിയെ ഭരണപക്ഷംതന്നെ വഴി തടയുന്ന അവസ്ഥയാണ് ഇപ്പോൾ കേരളത്തിൽ. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് കാവിവൽക്കരണം നടക്കുന്നു. വൈസ് ചാൻസലർമാർ പോലും ആർഎസ്എസ് പരിപാടികളിൽ പങ്കെടുക്കുകയാണ്. യുഡിഎഫ് സർക്കാർ 100 ദിവസംകൊണ്ട് കേരളത്തിന്റെ വികസനപാരമ്പര്യം തകർക്കുകയാണ്. പൊതുമേഖലയെ ഒന്നാകെ സ്വകാര്യവൽക്കരിക്കുകയാണ്. വർഗീയതക്കെതിരെ മാത്രം സംസാരിക്കാതെ കോർപറേറ്റ് കുത്തകവൽക്കരണത്തെക്കൂടി പ്രതിരോധിക്കണം. കോൺഗ്രസും കോർപറേറ്റുകളെ കാലങ്ങളായി സഹായിച്ചിട്ടുണ്ട്. വർഗീയതക്കെതിരെ വിശ്വാസികളെക്കൂടി അണിനിരത്തി പ്രതിരോധം തീർക്കണമെന്നും എം വി ഗോവിന്ദൻ പറഞ്ഞു.

■ വന്ദേമാതരം പൂർണമായി ആലപിച്ചത് പ്രതിഷേധാർഹം

## യുഡിഎഫ് സർക്കാർ മതനിരപേക്ഷ മാതൃകകളെ ഇല്ലാതാക്കുന്നു: ഡിവൈഎഫ്ഐ

**തിരുവനന്തപുരം**

ഓണം വാരാഘോഷ സമാപനചടങ്ങിൽ വന്ദേമാതരം പൂർണമായി ആലപിച്ച യുഡിഎഫ് സർക്കാർ സംഘപരിവാറിന്റെ ആശയങ്ങൾക്കും തീട്ടൂരങ്ങൾക്കും അടിമപ്പെട്ട് മതനിരപേക്ഷ ജനാധിപത്യ മാതൃകകളെ ഇല്ലാതാക്കുകയാണെന്ന് ഡിവൈഎഫ്ഐ. കേന്ദ്ര സർക്കാരിന് അടിമപ്പണി ചെയ്യുന്ന സതീശൻസർക്കാർ നേതൃത്വം നൽകുന്ന വിവിധ പരിപാടികളിൽ ഇതേ സമീപനം ഉണ്ടായിട്ടുണ്ട്. ആറന്മുള ഉതൃട്ടാതി വള്ളംകളിയിലും വന്ദേമാതരം പൂർണമായി ആലപിച്ചു. ഓണം മുന്നോട്ടുവയ്ക്കുന്ന വിശാല മതനിരപേക്ഷതയുടെ ഇടംപോലും സംഘപരിവാർ ആശയങ്ങൾക്കുവേണ്ടി ബലികഴിക്കുന്നത് കേരളജനതയോടുള്ള വെല്ലുവിളിയാണ്. വന്ദേമാതരത്തിലൂടെ രാജ്യത്താകമാനം സംഘപരിവാറിന്റെ വർഗീയ രാഷ്ട്രീയ പ്രത്യയശാസ്ത്രം അടിച്ചേൽപ്പിക്കുന്നതിനെതിരെ മതേതര മനസ്സുകൾ വലിയ പ്രതിഷേധത്തിലാണ്. എന്നാൽ യുഡിഎഫ് സർക്കാർ സംഘപരിവാർ രാഷ്ട്രീയത്തിന് വലിയ സ്ഥാനമാണ് നൽകുന്നത്. വന്ദേമാതരം സംസ്ഥാന സർക്കാർ പരിപാടികളിൽ പൂർണമായി ആലപിച്ചതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതായി ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറിയറ്റ് പ്രസ്താവനയിൽ അറിയിച്ചു.



രണ്ടുദിവസത്തെ സന്ദർശനത്തിന് കേരളത്തിൽ എത്തിയ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വീകരിക്കുന്നു

## ഉപരാഷ്ട്രപതിക്ക് സ്വീകരണം

**കൊച്ചി**

രണ്ടുദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്വീകരണം. വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഞായർ രാവിലെ 8.40 ഓടെയാണ് ഉപരാഷ്ട്രപതി എത്തിയത്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി റോജി എം ജോൺ, ബെന്നി ബെഹനാൻ എംപി, ഹാരിസ് ബീരാൻ എംപി, അൻവർ സാദത്ത് എംഎൽഎ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ എന്നിവർചേർന്ന് സ്വീകരിച്ചു. ഒമ്പതോടെ വ്യോമസേനയുടെ പ്രത്യേക ഹെലികോപ്റ്ററിൽ ഉപരാഷ്ട്രപതി ആലപ്പുഴയിലേക്ക് പോയി.

ഞായറാഴ്ച തിരുവനന്തപുരത്ത് ലോക്ഭവനിൽ തങ്ങുന്ന അദ്ദേഹം തിങ്കൾ വൈകിട്ട് നാലിന് കാക്കനാട് രാജഗിരി എൻജിനീയറിങ് കോളേജിന്റെ രജതജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യും. സെപ്തംബർ ഒന്നിന് നടക്കുന്ന രാജഗിരി 'കോൺഫ്ലുവൻസ് 3.0' ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിക്കും.

## ഗുസ്തി: എറണാകുളം ചാമ്പ്യൻമാർ

**കോഴിക്കോട്**

സംസ്ഥാന ഗുസ്തി ചാമ്പ്യൻഷിപ്പിൽ 51 പോയിന്റോടെ എറണാകുളം ജില്ല ചാമ്പ്യൻമാരായി. 43 പോയിന്റോടെ പാലക്കാട് രണ്ടും 19 പോയിന്റോടെ തിരുവനന്തപുരം മൂന്നും സ്ഥാനം നേടി. സമാപന ചടങ്ങിൽ എം കെ രാഘവൻ എംപി സമ്മാനം നൽകി. കെഡിഡബ്ല്യുഎ പ്രസിഡന്റ് എം മുരളീധരൻ അധ്യക്ഷനായി. കേരള സ്റ്റേറ്റ് ഗുസ്തി അസോസിയേഷനും കോഴിക്കോട് ജില്ലാ ഗുസ്തി അസോസിയേഷനും ചേർന്നാണ് ചാമ്പ്യൻഷിപ്പ് നടത്തിയത്.

## മൂന്നാർ അരുവിക്കാട് എസ്റ്റേറ്റിൽ കടുവയിറങ്ങി

**മൂന്നാർ**

എസ്റ്റേറ്റ് മേഖലയിൽ കടുവയെ കണ്ടതായി തൊഴിലാളികൾ. ശനി വൈകിട്ട് ആറോടെ കണ്ണൻദേവൻ കമ്പനി അരുവിക്കാട് എസ്റ്റേറ്റ് ടോപ് ഡിവിഷനിൽ ആശുപത്രിക്ക് സമീപമാണ് കടുവയെ കണ്ടത്. പ്രദേശവാസികൾ അറിയിച്ചതോടെ വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രദേശത്ത് പരിശോധന നടത്തി. കടുവയെ കണ്ടതോടെ തൊഴിലാളികളും ആശങ്കയിലാണ്.

മൂന്നാർ അരുവിക്കാട് എസ്റ്റേറ്റിലിറങ്ങിയ കടുവ





വനിതാസാഹിതി സംഘടിപ്പിച്ച സംസ്ഥാന വനിതാ നാടകോത്സവത്തിൽ ഫാക്കൽറ്റി ക്യാമ്പസ് തിയറ്റർ വെള്ളാനിക്കര അവതരിപ്പിച്ച 'നീരനാഗിൻ' നാടകത്തിൽനിന്ന്

## ശ്രദ്ധേയമായി സംസ്ഥാന വനിതാ നാടകോത്സവം

**തൃശൂർ**

പെണ്ണരങ്ങിന്റെ കരുത്തും അനുഭവ വൈവിധ്യങ്ങളും സംഗമിച്ച് സംസ്ഥാന വനിതാ നാടകോത്സവം. വനിതാസാഹിതി സംസ്ഥാന നാടകസംഘത്തിന്റെ നേതൃത്വത്തിലാണ് ഞായറാഴ്ച തൃശൂർ റീജണൽ തിയറ്ററിൽ നാടകോത്സവം സംഘടിപ്പിച്ചത്. ശ്രീജ ആറങ്ങോട്ടുകര ഉദ്ഘാടനം ചെയ്തു. ഡെയ്സി മഠത്തിശേരി അധ്യക്ഷയായി. മികച്ച രചനയ്ക്കുള്ള കാവുംകര ഭാർഗവീ പുരസ്കാരം ജിഷ അഭിനയയ്ക്കും ഏകപാത്ര അഭിനയത്തിനുള്ള ശാന്താദേവി പുരസ്കാരം അംബിക വേലായുധനും ശ്രീജ ആറങ്ങോട്ടുകര സമ്മാനിച്ചു. ജിഷ അഭിനയക്കുവേണ്ടി അച്ഛൻ ജയൻ ചെത്തല്ലൂർ പുരസ്കാരം സ്വീകരിച്ചു. ഉദ്ഘാടനച്ചടങ്ങിൽ വി എസ് ബിന്ദു, രവിത ഹരിദാസ്, ഡോ. ഡി ഷീല, കെ സന്ധ്യ, രാവുണ്ണി, അശോകൻ ചരുവിൽ, ശശിധരൻ നടുവിൽ, അംബിക വേലായുധൻ എന്നിവർ സംസാരിച്ചു.

ഉടലുകൾക്ക് തീ പിടിക്കുമ്പോൾ (അഞ്ജലി ആരവ്, കളമശേരി), അന്യവൽക്കരണം (അപർണ ലക്ഷ്മണൻ, പറവൂർ), നാണിത്തള്ളയുടെ ലോകം (സിന്ധു ഉല്ലാസ്, എറണാകുളം), സ്ക്രിപ്റ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഫരീദ (അഭിനയ കലാസമിതി തൃശൂർ) എന്നിവയുൾപ്പെടെ ഒമ്പത് ഏകപാത്ര നാടകവും നാല് ലഘു നാടകവും അരങ്ങേറി.



ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ പരിപാടിക്ക് ക്രിക്കറ്റ് താരം ക്രിസ് ഗെയിൽ പുതുപ്പള്ളി ജോർജിയൻ പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ എത്തിയപ്പോൾ \ഫോട്ടോ; മനു വിശ്വനാഥ്

## ഹായ്, ഗെയ്ൽ

**പുതുപ്പള്ളി**

ക്രീസിലെ വെടിക്കെട്ട് ബാറ്റ്സ്മാൻ അതാ കൺമുന്നിൽ. ബോളർമാരെ എക്കാലവും വിറപ്പിച്ച കരീബിയൻ കരുത്തിന്റെ പ്രതീകം ക്രിസ് ഗെയിൽ പുതുപ്പള്ളിയിലെത്തിയപ്പോൾ കണ്ടുനിന്നവർക്ക് ആവേശം. ആകാശം മുട്ടെ അദ്ദേഹം പായിച്ച സിക്സറുകളുടെ ഓർമകൾ കായികപ്രേമികളുടെ മനസിൽ നിറഞ്ഞു.

ഞായർ ഉച്ചയോടെ പാമ്പാടി ആർഐടി മൈതാനത്ത് ഹെലികോപ്റ്ററിൽ എത്തിയ ക്രിസ് ഗെയിൽ കാറിൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെത്തി. ഗെയിലിന്റെ വരവ് അറിഞ്ഞും അറിയാതെയും പള്ളിയിലെത്തിയവർ ഗെയിലിനെക്കണ്ട് ആർപ്പുവിളിച്ചു. മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കല്ലറയിൽ അദ്ദേഹം പുഷ്പങ്ങൾ അർപ്പിച്ചു. പള്ളി ഓഫീസിൽ കയറി ഭാരവാഹികളോട് സംസാരിച്ചു.

അവിടെനിന്ന് നേരേ പൊതുപരിപാടിയുടെ വേദിയായ ജോർജിയൻ പബ്ലിക് സ്കൂൾ മൈതാനത്തേക്ക്. ഗെയിലിന്റെ പേര് വേദിയിൽ പറഞ്ഞപ്പോഴെല്ലാം ആർപ്പുവിളികൾ മുഴങ്ങി. ചടങ്ങിന് ചാണ്ടി ഉമ്മൻ എംഎൽഎ സ്വാഗതം പറഞ്ഞു.

വെന്നിമലയിലെത്തിയ ഗെയിലിനെ രാമലക്ഷ്മണ ക്ഷേത്രത്തിനു സമീപത്തുവെച്ച് ക്ഷേത്രം ഭാരവാഹികൾ സ്വീകരിച്ചു.

### സംഘാടനം പാളി

കേരളത്തിൽ നിരവധി ആരാധകരുള്ള കായികതാരത്തെ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെയായിരുന്നു ക്രിസ് ഗെയിലിനെ പുതുപ്പള്ളിയിൽ കൊണ്ടുവന്നത്. ജോർജിയൻ സ്കൂൾ മൈതാനത്ത് ബാരിക്കേഡ് പോലും സ്ഥാപിച്ചില്ല.

വേദിയിലേക്ക് കയറണ്ടേ വഴിയിൽ ആളുകൾ തിക്കിത്തിരക്കുന്നതുകണ്ട് 10 മിനിറ്റോളം ഗെയിൽ കാറിൽനിന്ന് ഇറങ്ങിയില്ല. വലിയ മൈതാനത്ത് 500–600 ആളുകൾ മാത്രമേ എത്തിയുള്ളൂ. അവരെപ്പോലും വേണ്ട രീതിയിൽ നിയന്ത്രിക്കാൻ പൊലീസിന് കഴിഞ്ഞില്ല.

ഇറങ്ങാതെ തിരിച്ചുപോകുമെന്ന് ഗെയിൽ സംഘാടകരോട് പറഞ്ഞു. ഇത് അനൗൺസർ മൈക്കിലൂടെ വിളിച്ചു പറഞ്ഞു. ഒരുതരത്തിൽ പുറത്തിറങ്ങിയ താരം തിക്കിത്തിരക്കിയ ജനത്തിനിടയിലൂടെ കഷ്ടപ്പെട്ട് വേദിയിലെത്തിയെങ്കിലും ഒരക്ഷരം മിണ്ടാതെ വേദി വിട്ടു. ഗെയിലിനെക്കൊണ്ട് ബാറ്റ് ചെയ്യിക്കാൻ പിച്ചും സ്റ്റമ്പും തയ്യാറാക്കിയിരുന്നു. എന്നാൽ അങ്ങോട്ടേക്കും അദ്ദേഹം വന്നില്ല.

വെന്നിമലയിൽ മൈതാനം പണിയാനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിക്കുമെന്നായിരുന്നു സംഘാടകർ അറിയിച്ചിരുന്നത്. എന്നാൽ വെന്നിമലയിലെത്തിയ അദ്ദേഹം കാറിലിരുന്ന് സ്ഥലം കണ്ടിട്ട് മടങ്ങി.

**HARRISONS MALAYALAM LIMITED**

24/1624, Bristow Road, Willingdon Island, Cochin 682003,
CIN: L01119KL1978PLC002947 Tel: 0484-6624362 Fax: 0484-2668024
e-mail:hmlcorp@harrisonsmalayalam.com • Website:www.harrisonsmalayalam.com

**49-ാം മത് വാർഷിക പൊതുയോഗ അറിയിപ്പ്**

**ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ** അംഗങ്ങളുടെ 49–ാമത് വാർഷിക പൊതുയോഗം **2026 സെപ്തംബർ 29 ചൊവ്വാഴ്ച ഉച്ചക്ക് 03 ന്** (ഐഎസ്ടി) വീഡിയോ കോൺഫ്രൻസിംഗ് / ഇതര ദൃശ്യ ശ്രാവ്യ മാർഗങ്ങൾ (വിസി/ഒഎവിഎം)) മുഖാന്തരം അംഗങ്ങളുടെ സാന്നിധ്യമില്ലാതെ നടത്തുന്നതിനുള്ള നോട്ടീസ് ഇതിനാൽ നൽകുന്നു. 2013 ലെ കമ്പനി നിയമത്തിന്റെ വ്യവസ്ഥകൾ, അതിനു കീഴിൽ രൂപീകരിച്ച ചട്ടങ്ങൾ, 2015 ലെ സെബി (ലിസ്റ്റിങ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ് ("ലിസ്റ്റിങ് റെഗുലേഷൻസ്"), 2025 സെപ്തംബർ 22–ാം തീയതിയിലെ ജനറൽ സർക്കുലർ നം. 03/2025 എന്നിവക്കും, കേന്ദ്ര കമ്പനി കാര്യമന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ബാധകമായിട്ടുള്ള മറ്റു സർക്കുലറുകൾക്കും (എംസിഎ സർക്കുലറുകൾ), സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) പുറപ്പെടുവിച്ച സർക്കുലറുകൾക്കും (സെബി സർക്കുലറുകൾ) അനുസൃതമായി, 49–ാമത് എജിഎം നോട്ടീസിൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണു യോഗം. നോട്ടീസ് അംഗങ്ങൾക്കു ഇമെയിലിലൂടെ പ്രത്യേകമായി അയക്കുന്നതായിരിക്കും. കമ്പനിയുടെ രജിസ്റ്റേഡ് ഓഫീസായിരിക്കും 49–ാമത് വാർഷിക പൊതുയോഗത്തിന്റെ കൽപിത വേദി.

**വാർഷിക റിപ്പോർട്ടിന്റെയും നോട്ടീസിന്റെയും ഇലക്ട്രോണിക് വിതരണം**

തങ്ങളുടെ ഇമെയിൽ വിലാസം കമ്പനിയിലോ ഡെപോസിറ്ററി പാർടിസിപന്റിന്റെ (ഡെപോസിറ്ററീസ്) പക്കലോ, റെജിസ്ട്രാർ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റ്സ് (ആർടിഎ) ആയ എംയുഎഫ്ജി ഇൻടൈം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ പക്കലോ (മുമ്പ് ലിങ്ക് ഇൻടൈം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്) രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരിയുടമകൾക്കു 49–ാമത് വാർഷിക പൊതുയോഗ നോട്ടീസും 2025–26 സാമ്പത്തികവർഷത്തിന്റെ വാർഷിക റിപ്പോർട്ടും ഇലക്ട്രോണിക്കലായി അയക്കുന്നതായിരിക്കും. കമ്പനി വെബ്സൈറ്റായ www.harrisonsmalayalam.com, സ്റ്റോക് എക്സ്ചേഞ്ചുകളുടെ വെബ്സൈറ്റുകളായ www.nseindia.com, www.bseindia.com, സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡിന്റെ വെബ്സൈറ്റായ www.evotingindia.com എന്നിവയിലും നോട്ടീസ് ലഭ്യമായിരിക്കും.

കമ്പനി/ആർടിഎ/ഡെപോസിറ്ററിയിൽ ഇമെയിൽ ഐഡി രെജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് സെബി ലിസ്റ്റിംഗ് റെഗുലേഷൻസ് അനുസരിച്ച്, കത്ത് അയക്കുന്നതായിരിക്കും. വാർഷിക റിപ്പോർട്ട് ലഭ്യമാക്കുന്ന വെബ്സൈറ്റിന്റെ ലിങ്ക് പോലെയുള്ള വിശദാംശങ്ങൾ അതിലുണ്ടായിരിക്കും. വാർഷിക റിപ്പോർട്ടിന്റെ ഫിസിക്കൽ കോപി ആവശ്യമുള്ള അംഗങ്ങൾ പേര്, ഡിപി ഐഡി/ക്ലയന്റ് ഐഡി, പാൻ, മൊബൈൽ നമ്പർ തുടങ്ങിയ വിശദാംശങ്ങൾ നൽകി കൊണ്ട് investor.helpdesk@in.mpms.mufg.com എന്ന വിലാസത്തിൽ കമ്പനി ആർടിഎയ്ക്ക് എഴുതാവുന്നതാണ്.

വീഡിയോ കോൺഫ്രൻസിംഗ്/ മറ്റു ദൃശ്യ ശ്രാവ്യ സംവിധാനങ്ങൾ ഉപയോഗിച്ച് അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. ഓഹരികൾ ഡീമെറ്റീരിയലൈസ്ഡ് രൂപത്തിലും ഭൗതികരൂപത്തിലും കൈവശം വച്ചിരിക്കുന്ന അംഗങ്ങൾക്കും ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത അംഗങ്ങൾക്കും പൊതുയോഗത്തിൽ പങ്കെടുക്കുകയും ഇ–വോട്ടിംഗിലൂടെയും റിമോട്ട് ഇ–വോട്ടിംഗിലൂടെയും വോട്ടുകൾ രേഖപ്പെടുത്തുകയും ചെയ്യുന്നതിന്റെ രീതിയും വിശദമായ നടപടിക്രമങ്ങളും പൊതുയോഗ നോട്ടീസിൽ നൽകുന്നതായിരിക്കും. വീഡിയോ കോൺഫ്രൻസിംഗ്/മറ്റു ദൃശ്യ ശ്രാവ്യ സംവിധാനങ്ങൾ ഉപയോഗിച്ച് എ ജി എമ്മിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണത്തെ ആക്ടിന്റെ സെക്ഷൻ 103 നു കീഴിലുള്ള ക്വോറം കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**ഇമെയിൽ വിലാസത്തിന്റെ രജിസ്ട്രേഷൻ:**

കമ്പനി/അതിന്റെ ആർടിഎ/ഡെപ്പോസിറ്ററികൾ എന്നിവയിൽ ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത അംഗങ്ങൾക്ക് താഴെ പറയുന്ന പ്രക്രിയ പ്രകാരം റെജിസ്റ്റർ ചെയ്യാവുന്നതാണ്.

**എ)** ഭൗതികരൂപത്തിൽ കൈവശം വച്ചിരിക്കുന്ന ഓഹരികളുടെ കാര്യത്തിൽ നിങ്ങളുടെ അപ്ഡേഷൻ റിക്വസ്റ്റ് നിർദ്ദിഷ്ട ഫോം ഐഎസ്ആർ 1 ൽ വേണ്ടവിധം പൂരിപ്പിച്ച് അംഗം ഒപ്പുവച്ച്, അതിൽ പരാമർശിച്ചിരിക്കുന്ന അനുബന്ധരേഖകൾ സഹിതം ഞങ്ങളുടെ ആർടിഎ, എംയുഎഫ്ജി ഇൻടൈം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കോയമ്പത്തൂരിനു ദയവായി സമർപ്പിക്കുക. ആർടിഎയുടെ വെബ്സൈറ്റായ https://web.in.mpms.mufg.com/KYC-downloads.html എന്ന ലിങ്കിൽ നിന്ന് ISR-1 ഫോം ഡൗൺലോഡ് ചെയ്യാം. 2024 മെയ് 07 ലെ സെബി സർക്കുലർ പ്രകാരം, ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഹരിയുടമകൾക്കു കമ്പനി യഥാസമയങ്ങളിൽ കത്തുകളയച്ചിട്ടുള്ളതാണ്.

**ബി)** ഡിമാറ്റ് മാതൃകയിൽ കൈവശം വച്ചിരിക്കുന്ന ഓഹരികളുടെ കാര്യത്തിൽ ഓഹരിയുടമ ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റുമായി (ഡിപി) ദയവായി ബന്ധപ്പെടുകയും ഇമെയിൽ വിലാസം, ഡിപി നിർദ്ദേശിക്കുന്ന പ്രക്രിയ പ്രകാരം ഡിമാറ്റ് അക്കൗണ്ടിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

ഓഹരിയുടമകളുടെ അറിവിനും പ്രയോജനത്തിനുമായും സർക്കുലറുകൾ പാലിച്ചുകൊണ്ടുമാണ് മേൽവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്.

**ഹാരിസൺസ് മലയാളം ലിമിറ്റഡിനു വേണ്ടി**
ഒപ്പ്

കൊച്ചി 682003
ആഗസ്റ്റ് 30, 2026

**സന്ധ്യ ഗോപി**
കമ്പനി സെക്രട്ടറി & കംപ്ലയൻസ് ഓഫീസർ

C M Y K

